"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും - Industry Internship Programme എന്ന പദ്ധതി 2024-25 സാമ്പത്തിക വർഷവും സമാന രീതിയിൽ തുടരുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസായ ( ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.517/2024/ID തീയതി,തിരുവനന്തപുരം, 27-06-2024

പരാമർശം:-

1. സ.ഉ.(സാധാ) നം. 4388//2022/ഫിൻ തീയതി 15/06/2022
2. സ.ഉ.(സാധാ) നം. 436/2023/ഐ.ഡി തീയതി 20/05/2023
3. സ.ഉ.(സാധാ) നം. 496/2023/ഐ.ഡി തീയതി 29/05/2023
4. സ.ഉ.(പി) നം. 102/2017/ഫിൻ തീയതി 07/08/2017
5. വ്യവസായ വാണിജ്യ ഡയറക്ടറുടെ 25-06-2024-ലെ DIC/1119/2024-TC-T4 നമ്പർ കത്ത്

**ഉത്തരവ്**

കേരള സർക്കാർ 2022-23 സാമ്പത്തിക വർഷം 'സംരംഭക വർഷം' ആയി പ്രഖ്യാപിച്ചിരുന്നു. ഒരു വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം തലത്തിലുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഒരു വർഷം കൊണ്ട് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സംസ്ഥാനത്തു തുടങ്ങുക എന്ന ലക്ഷ്യം വെച്ച് കൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ 1,39,840 പുതിയ സംരംഭങ്ങളും അതിലൂടെ 3 ലക്ഷത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് മികച്ച വിജയം കൈവരിച്ചു. ഇതിന്റെ ഭാഗമായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലുമായി 1153 പ്രൊഫഷണലുകളെ (Enterprises Development Executives) കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. അതോടൊപ്പം വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 5 9 താലൂക്ക് വ്യവസായ ഓഫീസുകളെയും എൻർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം ഓരോ താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിരുന്നു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 1 4 ജില്ലാ റിസോഴ്സ് പേഴ്സൺമാരെയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ 6 സംസ്ഥാന റിസോഴ്സ് പോഴ്സൺമാരെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിനെയും നിയമിച്ചിരുന്നു.

2) പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം എന്ന പദ്ധതിയുടെ കീഴിൽ ഇൻഡസ്ട്രി ഇന്റേൺഷിപ്പ് പ്രോഗ്രാമിനായി 2851-00-001-93 എന്ന ശീർഷകത്തിൽ 2636 ലക്ഷം രൂപ റീ-അപ്രോപ്രിയേഷനായി അനുവദിച്ച് നൽകിയിരുന്നു. കൂടാതെ പരാമർ ശം (2) സർക്കാർ ഉത്തരവ് പ്രകാരം 2023-24 സാമ്പത്തിക വർഷം പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും എന്ന പദ്ധതിയുടെ കീഴിൽ 2851-00-102-98 (P)എന്ന ശീർഷകത്തിൽ 687.08 ലക്ഷം രൂപയുടെ

ഭരണാനുമതിയും പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം 2023-24 സാമ്പത്തിക വർഷം പ്രസ്തുത പരിപാടിയുടെ തുടർച്ചയായി പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും എന്ന പദ്ധതിയുടെ കീഴിൽ 2851-00-102-98 (P) എന്ന ശീർഷകത്തിൽ 3212.92 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിരുന്നു.

3) പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടിവുകൾ, താലൂക്ക്/ജില്ലാ/സംസ്ഥാന തല റിസോഴ്സ് പേഴ്സണുകൾ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്നിവർക്ക് വേതനം അനുവദിച്ചു നൽകിയിട്ടുള്ളതാണെന്നും പരാമർ ശം (2) സർക്കാർ ഉത്തരവിൽ താലൂക്ക് /ജില്ല/ സംസ്ഥാന തല റിസോഴ്സ് പേഴ്സണുകൾക്ക് 2023 മാർച്ച് മാസം മുതൽ 2024 ഫെബ്രുവരി മാസം വരെയുള്ള വേതനം പ്രതിമാസം ഒരാൾക്ക് 22,000/- രൂപ എന്ന നിരക്കിൽ നൽ കുന്നതിനു 213.56 ലക്ഷം രൂപ വകയിരുത്തിയിരുന്നത് പ്രകാരം 2024 ഫെബ്രുവരി മാസം വരെയുള്ള വേതനം അനുവദിച്ചു നല്കിയിട്ടുള്ളതാണെന്നും പരാമർ ശം (3) സർ ക്കാർ ഉത്തരവിൽ Enterprises Development Executive കൾ ക്ക് 2023 മാർച്ച് മാസം മുതൽ 2024 ഫെബ്രുവരി മാസം വരെയുള്ള വേതനം പ്രതിമാസം ഒരാൾക്ക് 22,000/- രൂപ എന്ന നിരക്കിൽ നൽകുന്നതിനു 3068.92 ലക്ഷം രൂപയും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ സർവീസ് ചാർജ് ഇനത്തിൽ 144.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3212.92 ലക്ഷം രൂപ വകയിരുത്തിയിരുന്നത് പ്രകാരം Enterprises Development Execute കൾക്ക് 2024 ഫെബ്രുവരി മാസം വരെയുള്ള വേതനവും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് 2024 ജനുവരി മാസം വരെയുള്ള സർവീസ് ചാർജും അനുവദിച്ചു നല്കിയിട്ടുള്ളതുമാണെന്നും വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാനത്ത് സംരംഭങ്ങൾക്ക് അനുകൂലമായ ഒരു എക്കോ സിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി നിരവധി പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുത്തു നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. തുടർച്ചയായ രണ്ടാം വർഷത്തിലും (2023-24) സംസ്ഥാനത്ത് ഒരു ലക്ഷത്തിൽപ്പരം സംരംഭങ്ങൾ രൂപീകരിച്ചുകൊണ്ട് വ്യവസായ വകുപ്പ് അഭിമാനനേട്ടം കൈവരിച്ചിട്ടുണ്ടെന്നും സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ MSME സുസ്ഥിരത പദ്ധതി സർക്കാർ നടപ്പിലാക്കി ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു കൂടാതെ കേരളത്തിലെ MSME കളിൽ നിന്നും തെരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള സംരംഭങ്ങളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 എന്ന പേരിൽ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇത്തരം പദ്ധതികളും സംരംഭക വർഷം 3.0-ഉം 2024-2025 സാമ്പത്തിക വർഷവും തുടർന്നുകൊണ്ടു പോകുന്നതിന് കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള താലൂക്ക്/ജില്ല/സംസ്ഥാന തല റിസോഴ്സ് പേഴ്സണുകൾ, Enterprises Development Executive-കൾ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്നിവരുടെ സേവനം അത്യന്താപേക്ഷിതമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും എന്ന പദ്ധതിക്കായി 2851-00-102-98 (P) എന്ന ശീർഷകത്തിൽ 4300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിനാലും 2022-23 സാമ്പത്തിക വർഷം ആരംഭിച്ച **"സംരംഭക വർഷം"** പദ്ധതി പരാമർശം (2), (3) പ്രകാരമുള്ള ഭരണാനുമതി ഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി ഘടകങ്ങൾ, പദ്ധതി ശീർഷകം, വ്യവസ്ഥകൾ എന്നിവയിൽ മാറ്റം വരുത്താതെ 2024-2025 സാമ്പത്തിക വർഷവും തുടർച്ചയായി **സംരംഭക വർഷം 3.0** എന്ന പേരിൽ നടപ്പിലാക്കി വരുന്നതിനാലും പരാമർ ശം ( 4 ) ലെ സർക്കാർ ഉത്തരവിലെ അനുബന്ധത്തിലെ ക്രമ നം. 37 പ്രകാരം തുടർച്ചയായി നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് സാമ്പത്തിക പരിധി കണക്കിലെടുക്കാതെ ഭരണാനുമതി നൽകുന്നതിനു ബന്ധപ്പെട്ട വകുപ്പ് മേധാവികളെ (Administrative Department) സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ളത് പരിഗണിച്ചും പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും - Industry Internship Programme എന്ന പദ്ധതി 2024-25 സാമ്പത്തിക വർഷവും തുടർന്ന് നടപ്പിലാക്കുന്നതിനായി 3426.48 ലക്ഷം രൂപ (മുപ്പത്തിനാല് കോടി ഇരുപത്തിയാറ് ലക്ഷത്തി നാൽപത്തി എണ്ണായിരം രൂപ) അനുവദിച്ച് ഭരണാനുമതി നൽകണമെന്നു കൂടി പരാമർശം (5)പ്രകാരം വ്യവസായ വാണിജ്യ

ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും - Industry Internship Programme എന്ന പദ്ധതി , പദ്ധതി ഘടകങ്ങൾ, പദ്ധതി ശീർഷകം, വ്യവസ്ഥകൾ എന്നിവയിൽ മാറ്റം വരുത്താതെ പരാമർശം (2), (3) പ്രകാരമുള്ള സർക്കാർ ഭരണാനുമതി ഉത്തരവുകളുടെയും പരാമർശം ( 4 ) സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 2 0 2 4 - 2 5 സാമ്പത്തിക വർഷവും തുടർന്ന് നടപ്പിലാക്കുന്നതിനായി **3426.48 ലക്ഷം രൂപ (മുപ്പത്തിനാല് കോടി ഇരുപത്തിയാറ് ലക്ഷത്തി നാൽപത്തി എണ്ണായിരം രൂപ)** ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയിലെ ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | താലൂക്ക്/ജില്ല/സംസ്ഥാന തല റിസോഴ്സ് പേഴ്സണുകൾക്കുള്ള പ്രതിഫലം (2 0 2 4 മാർച്ച് മുതൽ 2 0 2 5 ഫെബ്രുവരി വരെ പ്രതിമാസം 22,000/- നിരക്കിൽ) | **213.56** |
| 2 | എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളുടെ പ്രതിഫലം (2024 മാർച്ച് മുതൽ 2025 ഫെബ്രുവരി വരെ പ്രതിമാസം 22,000/- നിരക്കിൽ) | **3068.92** |
| 3 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (2024 ഫെബ്രുവരി മുതൽ 2025 ഫെബ്രുവരി വരെ ) | **144.00** |
| | **ആകെ തുക** | **3426.48** |

6) ഈ പദ്ധതിയുടെ ചെലവിലേക്കായി ആവശ്യമുള്ള ടി തുക നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2851-00-102-98 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

7) മേൽ പരാമർശിക്കുന്ന 2023-24 സാമ്പത്തിക വർഷത്തെ സർക്കാർ ഭരണാനുമതി ഉത്തരവുകളിലെ വ്യവസ്ഥകൾ ഈ ഉത്തരവിനും ബാധകമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K- Bip ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് /A& E ) കേരളം , തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ,തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
വ്യവസായ(ജെ ) വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Anilkumar P
Date: 27-06-2024 16:15:38